**പ്രസിദ്ധീകരണത്തിന്**

ശബരിമലവിഷയവും വിശ്വാസസംരക്ഷണവും സംബന്ധിച്ച് എൻ.എസ്.എസ്സിന്റെ നിലപാട് നേരത്തെ വ്യക്തമാക്കിയിരുന്നു. ഇതു സംബന്ധിച്ച് കഴിഞ്ഞ ദിവസത്തെ പ്രസ്താവനയിൽ രാഷ്ട്രീയപ്പാർട്ടികളുടെ നിലപാടുകളെപ്പറ്റിയും പരാമർശിക്കാനിടയായി. ഇക്കാര്യത്തിൽ എൻ.എസ്.എസ്സിന്റെ നിലപാടുകളെ ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് രാഷ്ട്രീയമായി തങ്ങൾക്ക് അനുകൂലമാക്കാൻ പലരും ശ്രമിക്കുന്നതായി കാണുന്നുണ്ട്. എൻ.എസ്.എസ്സിന്റെ നിലപാടുകളെ ഇത്തരത്തിൽ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒരുതരത്തിലും അനുവദിക്കാനാവില്ല.

കഴിഞ്ഞ ദിവസത്തെ പ്രസ്താവനയിൽ, പ്രതിപക്ഷത്തിരിക്കുമ്പോൾതന്നെ വിശ്വാസം സംരക്ഷിക്കുന്നതിനു വേണ്ടി യു.ഡി.എഫിന് നിയമസഭയിൽ ഒരു ബിൽ അവതരിപ്പിക്കാമായിരുന്നു. അതിനു പകരം, തങ്ങൾ അധികാരത്തിൽ വന്നാൽ വിശ്വാസികൾക്കനുകൂലമായ നിയമനിർമ്മാണം നടത്തുമെന്നുള്ള അവരുടെ പ്രഖ്യാപനത്തിന് എന്ത് ആത്മാർത്ഥതയാണുള്ളത്? എന്ന ചോദ്യത്തിനു മറുപടിയായി പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല തന്ന "വിശ്വാസസംരക്ഷണത്തിന് നിയമസഭയിൽ ബിൽ അവതരിപ്പിക്കണമെന്നാവശ്യപ്പെട്ട് എം. വിൻസന്റ് എം.എൽ.എ. സ്പീക്കറോട് അനുമതി തേടിയിരുന്നെങ്കിലും സ്പീക്കർ സർക്കാരിൽ കൂടിയാലോചന നടത്തി ബില്ലിന് അവതരണാനുമതി നിഷേധിക്കുകയായിരുന്നു ചെയ്തത്; തുടർന്നാണ് എൻ.കെ. പ്രേമചന്ദ്രൻ പാർലമെന്റിൽ ബിൽ അവതരണത്തിന് അനുമതി തേടിയത്; അവിടെയും അവതരണാനുമതി ലഭിക്കാതെ വന്നതിനെ തുടർന്ന് വിൻസന്റ് എം.എൽ.എ. കേരളനിയമസഭയിൽ ബിൽ കൊണ്ടുവരാൻ വീണ്ടും ശ്രമിച്ചെങ്കിലും അവതരണാനുമതി ലഭിച്ചില്ല." എന്ന വിശദീകരണത്തിലൂടെ വിശ്വാസസംരക്ഷണത്തിന് യു.ഡി.എഫ് സ്വീകരിച്ച നിലപാട് വ്യക്തമാക്കിയതിൽ സന്തോഷമുണ്ട്.

വിശ്വാസസംരക്ഷണത്തിന്റെ കാര്യത്തിൽ എൻ.എസ്.എസ്. എന്നും വിശ്വാസികളോടൊപ്പമാണ്. അതിന്റെ പിന്നിൽ ഒരു രാഷ്ട്രീയലക്ഷ്യവുമില്ല.

പെരുന്ന
13.2.2021

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി